"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ചങ്ങനാശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട അനിയൻകുഞ്ഞ് കെ.ഡി-യുടെ മകൻ ശ്രീ.അജിത് കുമാർ കെ.എ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.117/2023/LSGD   തീയതി,തിരുവനന്തപുരം, 26-05-2023

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
3. ശ്രീ.അജിത് കുമാർ കെ.എ സമർപ്പിച്ച 06.08..2021 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 05.01.2023 തീയതിയിലെ DUA/3515/2022-E4 നമ്പർ കത്ത്.
5. കോട്ടയം ജില്ലാ കളക്ടറുടെ 04.05.2023 തീയതിയിലെ DCKTM/865/2023-SS1 മ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, ചങ്ങനാശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 25.10.2020 തീയതിയിൽ മരണപ്പെട്ട അനിയൻകുഞ്ഞ് കെ.ഡി-യുടെ മകൻ ശ്രീ.അജിത് കുമാർ കെ.എ (കുറ്റിക്കാട് ഹൗസ്, പുഴവത്ത്, ചങ്ങനാശ്ശേരി പി.ഒ, കോട്ടയം, പിൻ-686101) പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അനിയൻ കുഞ്ഞ് കെ.ഡി-യുടെ സേവനകാലം 14

വർഷവും 03 മാസവും 26 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതൻ സർവീസിൽ പ്രവേശിച്ച തീയതി 30.06.2006 ആണ്. നഗരകാര്യ ഡയറക്ടറും കോട്ടയം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.അജിത് കുമാർ കെ, എ, വി.എച്ച്.എസ്.ഇ. വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 10.09.1997 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (06.08.2021) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി അനിയൻ കുഞ്ഞ് കെ.ഡി.യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.അജിത് കുമാർ കെ.എ.യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ട് നല്കിയിട്ടുണ്ട്. ടിയാൻ അവിവാഹിതനാണ്. ശ്രീ.അജിത് കുമാർ കെ.എ-യുടെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് (നാൽപത്തിയെട്ടായിരം രൂപ മാത്രം) ചങ്ങനാശ്ശേരി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (4) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ശ്രീ.അജിത് കുമാർ കെ.എ സമർപ്പിച്ചിട്ടുണ്ട്. ടിയാൻ കോട്ടയം ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ചങ്ങനാശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 25.10.2020 തീയതിയിൽ മരണപ്പെട്ട അനിയൻകുഞ്ഞ് കെ.ഡി-യുടെ മകൻ ശ്രീ.അജിത് കുമാർ കെ.എ.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോട്ടയം ജില്ലയിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ

സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.

സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ.

ജില്ലാ കളക്ടർ , കോട്ടയം.

ശ്രീ.അജിത് കുമാർ കെ.എ, കുറ്റിക്കാട് ഹൗസ്, പുഴവത്ത്, ചങ്ങനാശ്ശേരി പി.ഒ, കോട്ടയം, പിൻ-686101.

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/19/2023-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 26-05-2023 12:12:23

സെക്ഷൻ ഓഫീസർ